നം.വൈ2/60700/12/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:20-12-2012.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ

**വിഷയം:**-പൊ.വി.-53-ാമത് കേരള സ്കൂൾ കലോൽസവം 2012-13, മലപ്പുറം
-- കലോൽസവ ഫണ്ട് അയയ്ക്കുന്നത് സംബന്ധിച്ച്--

**സൂചന:**- 1. സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നമ്പർ.3707/2012/പൊ.വി.വ., തീയതി:03/08/2012.
2. വൈ2/27500/12/ഡി.പി.ഐ., തീയതി:07/08/2012.

***********

സൂചന പ്രകാരം കേരള സ്കൂൾ കലോൽസവവുമായി ബന്ധപ്പെട്ട് കുട്ടികളിൽ നിന്നും സംഭാവന പിരിക്കാൻ ഹെഡ്മാസ്റ്റർമാർക്ക് അനുമതി നൽകിയിരുന്നു. അപ്രകാരം പിരിച്ചെടുത്ത തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി എടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആഫീസിലെ പബ്ലിക് റിലേഷൻസ് ആഫീസറുടെ പേർക്ക് 30/09/2012 നുമുമ്പ് അയച്ചുതരുവാനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ഇതുവരെ തുക അയച്ചുതന്നിട്ടില്ല.

ആയതിനാൽ ഇതുവരെ വിഹിതം അയച്ചുതന്നിട്ടില്ലാത്ത ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ ജില്ലാവിദ്യാഭ്യാസ ആഫീസർമാർ 27/12/2012 ന് മുമ്പായി തുക ഡിമാന്റ് ഡ്രാഫ്റ്റായി വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണെന്നറിയിക്കുന്നു. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM-14